**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഗാർഹിക പോട്ട് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഏറ്റെടുക്കുന്നതിനു (യൂണിറ്റ് ചെലവ് 1300/- രൂപ) തദ്ദേശസ്ഥാപനങ്ങൾക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**G.O.(Rt)No.2298/2021/LSGD തീയതി,തിരുവനന്തപുരം, 17/11/2021**

---

പരാമർശം:-

1. 14.02.2018 ലെ സ.ഉ(കൈ) നം.22/2018/തസ്വഭവ നമ്പർ ഉത്തരവ്.
2. Kerala State Pottery Manufacturing Marketing and Welfare Development Corporation Ltd.(KSPMMWDC)-ഡയറക്ടറുടെ 03.02.2021 ലെ KSPMMWDC/33/2019 നമ്പർ കത്ത്.
3. പഞ്ചായത്ത് ഡയറക്ടറുടെ 17.04.2021 ലെ PAN/3188/2021-J1 (DP) നമ്പർ കത്ത്.
4. 14.09.2021-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 4.40.

**<u>ഉത്തരവ്</u>**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 'ഗാർഹിക Pot Compost Unit സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ട് Kerala State Pottery Manufacturing Marketing and Welfare Development Corporation Ltd. (KSPMMWDC) മാനേജിങ് ഡയറക്ടർ പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ, പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സബ്സിഡി-ധനസഹായം അനുബന്ധവിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിൽ (ഖണ്ഡിക 6.8) ഗാർഹികതല ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾക്ക് സബ്സിഡി നൽകാമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ, ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രോജക്ട് ഏറ്റെടുക്കുന്നതിനുള്ള അനുമതി തദ്ദേശസ്ഥാപനങ്ങൾക്ക് നൽകാവുന്നതാണ് എന്ന പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (3) പ്രകാരമുള്ള ശുപാർശ സഹിതം, വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരിഗണിച്ചിരുന്നു. ഈ വിഷയത്തിൽ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ അഭിപ്രായം പരിഗണിച്ചുകൊണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഗാർഹിക പോട്ട് കമ്പോസ്റ്റ് യൂണിറ്റ് (യൂണിറ്റ് ചെലവ് 1300/- രൂപ) സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് ഏറ്റെടുക്കുന്നതിനു തദ്ദേശസ്ഥാപനങ്ങൾക്ക് അനുമതി നൽകുന്നതിന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരാമർശം (4) പ്രകാരം തീരുമാനിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഗാർഹിക പോട്ട്

കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി (യൂണിറ്റ് ചെലവ് 1300/- രൂപ) ഏറ്റെടുക്കുന്നതിനു തദ്ദേശസ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Shibi Abraham
Deputy Secretary

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ ,തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം.
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ( പഞ്ചായത്ത് ഡയറക്ടർ മുഖേന )
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന )
എല്ലാ മുനിസിപ്പൽ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന )
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ .
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.
തദ്ദേശ സ്വയം ഭരണ (DA) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്